# R. U. P. S MELOOR

## അക്കാദമിക മാസ്റ്റർ പ്ലാൻ

### ആമുഖം

### സ്കൂളിനെ കുറിച്ചുള്ള പൊതുചരിത്രം

മേലൂർ ഗ്രാമത്തിന്റെ തെക്കു കിഴക്കായി സ്ഥിതിചെയ്യുന്ന ഫലഭയിഷ്ഠത കുറഞ്ഞ ഒരു കുന്നിൻ പ്രദേശമായിരുന്നു കൂവ്വക്കാട്ടക്കുന്ന്. ജനസംഖ്യയിൽ ഭൂരിഭാഗവും കർഷകത്തൊഴിലാളികൾ ആയിരുന്ന പ്രദേശമായിരുന്നു ഇത്. 1953 ൽ ഈ സരസ്വതി ക്ഷേത്രം ഉദയം ചെയ്തു. മാനേജറും ഹെഡ്മാസ്റ്ററും ആയി ശ്രീ. എൻ. എ. പോൾ മാസ്റ്റർ നിയമിതനായി. 1975 ൽ ഈ വിദ്യാലയം ഒരു യു. പി സ്കൂളായി ഉയർത്തപ്പെട്ടു. 1987 ൽ ഈ സ്കൂൾ തിരുഹൃദയക്കുന്ന് ദേവാലയത്തിന് കൈമാറി. തുടർന്ന് മാനേജറായി പല വൈദികരും സ്ഥാനം ഏറ്റെടുത്തു. 2010 മുതൽ ഈ സ്ഥാപനം എറണാകുളം- അങ്കമാലി കോർപ്പറേറ്റ് എഡ്യൂക്കേഷൻഏജൻസിയുടെ കീഴിലാണ് പ്രവർത്തിച്ച വരുന്നത്. 2025 മുതൽ ഈ വിദ്യാലയത്തിന്റെ H. M ആയി ശ്രീമതി. കൊച്ചുറാണി ആന്റണി പ്രവർത്തിച്ചു വരുന്നു.

## ഭൗതിക സാഹചര്യം

വളരെ മനോഹരവും ഹരിതഭവുമായ ഒരു ചുറ്റുപാടുമാണ് ഞങ്ങളുടെ വിദ്യാലയത്തിന്റേത്. വിശാലമായ കളിസ്ഥലം ഈ വിദ്യാലയത്തിന്റെ പ്രത്യേകതയാണ്. MLA ഫണ്ട് മുഖേന അനുവദിച്ചു കിട്ടിയ ആധുനിക രീതിയിലുള്ള പാചകപ്പുരയും ടോയ്‌ലെറ്റുകളും ഈ വിദ്യാലയത്തിൽ ഉണ്ട്. വെള്ളത്തിനായി പൊതു ജലവിതരണ സംവിധാനത്തെ ആശ്രയിക്കുന്നു. വൈദ്യുതി കണക്ഷൻ, ഇന്റർനെറ്റ് സൗകര്യം, ഗ്യാസ് കണക്ഷൻ എന്നിവയുണ്ട്. ലൈബ്രറിറൂം, റീഡിങ് റൂം, കമ്പ്യൂട്ടർ റൂം എന്നിവയും ഉണ്ട്. ഐസിടി സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനായി പ്രൊജക്ടറും ഉണ്ട്.

ആധുനിക സൗകര്യങ്ങളോട് കൂടിയ വിദ്യാലയങ്ങളോട് കിടപിടിക്കുമ്പോൾ ഞങ്ങളുടെ വിദ്യാലയത്തിന്റെ കുറെ ഭാഗം ഓടുമേഞ്ഞതും അടച്ചുറപ്പില്ലാത്തതും ആണ്. ആധുനിക രീതിയിലുള്ള കമ്പ്യൂട്ടർ ലാബ്, സയൻസ് ലാബ്, റീഡിങ് റൂം, സ്മാർട്ട് ക്ലാസ് മുറികൾ എന്നിവ ഇല്ലാത്തത് വിദ്യാലയത്തിന്റെ ഒരു പോരായ്മ തന്നെയാണ്. വിദ്യാലയത്തിന് അടച്ചുറപ്പുള്ള ചുറ്റുമതിൽ ഇല്ല. ഇത് മൂലം പലപ്പോഴും പല നാശനഷ്ടങ്ങൾ വിദ്യാലയത്തിന് സംഭവിക്കുന്നു. ഭൗതിക സാഹചര്യങ്ങളും മെച്ചപ്പെടുത്തി, സ്കൂളിന്റെ മുഖച്ഛായ മാറ്റിയാൽ പിന്നോക്ക പ്രദേശമായ ഈ നാടിന്റെ തിലകക്കുറിയായി മാറാൻ ഈ വിദ്യാലയത്തിന് കഴിയും എന്നതിൽ ഞങ്ങൾക്ക് സംശയമില്ല.

മേലൂർ പഞ്ചായത്തിലെ കുന്ന്, പാലപ്പിള്ളി, കോട്ടമുറി, പുഷ്പഗിരി, കുറുപ്പം, അടിച്ചിലി എന്നീ ഭാഗങ്ങളിൽ നിന്നുള്ള കുട്ടികളാണ് ഇവിടെ പഠിച്ചിരുന്നത്. 600 ഓളം കുട്ടികൾ പഠിച്ചിരുന്ന ഒരു സുവർണ്ണ കാലഘട്ടം ഈ വിദ്യാലയത്തിന് ഉണ്ടായിരുന്നു. പരാധീനതകളുടെ നടുവിലും 2 പ്രാവശ്യം ഉപജില്ലയിലെ മികച്ച വിദ്യാലയമായി മാറാൻ ഞങ്ങൾക്ക് കഴിഞ്ഞിട്ടുണ്ട്. അതുപോലെ

ശാസ്ത്ര, ഗണിതശാസ്ത്ര, പ്രവർത്തിപരിചയമേളകളിൽ മുൻനിര സ്ഥാനങ്ങളിൽ എത്താൻ ഞങ്ങൾക്ക് കഴിഞ്ഞിട്ടുണ്ട്. സ്പോർട്സ്, ആർട്സ് എന്നിവയിലും ഞങ്ങളുടെ കുട്ടികൾ പങ്കെടുത്ത് സമ്മാനം കരസ്ഥമാക്കുകയും ചെയ്തു വരുന്നു.

മാറിയ ജീവിത സാഹചര്യങ്ങളും ചുറ്റുപാടും രക്ഷിതാക്കൾ കുട്ടികളെ CBSE പോലുള്ള അൺഎയ്ഡഡ് വിദ്യാലയങ്ങളിലും പട്ടണങ്ങളിലെ സ്കൂളുകളിലും ചേർക്കുന്നതിന് പ്രേരിപ്പിക്കുന്നു. ഇതുമൂലം കുട്ടികളുടെ എണ്ണത്തിൽ കാലാനുസൃതമായ കുറവുകൾ വന്നിട്ടുണ്ട്. ഡിവിഷനുകളുടെ എണ്ണവും അധ്യാപകരുടെ എണ്ണവും കുറഞ്ഞു.

ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുകയാണെങ്കിൽ കുട്ടികൾ ഈ വിദ്യാലയത്തിൽ ചേരുവാൻ ആഗ്രഹിക്കും എന്ന് തന്നെയാണ് ഞങ്ങളുടെ വിശ്വാസം.

## നിലവിലുള്ള ഡിവിഷനുകളും കുട്ടികളുടെ എണ്ണവും

| 2025-26 | |
|---|---|
| ക്ലാസ് | കുട്ടികളുടെ എണ്ണം |
| STD I | 3+3=6 |
| STD II | 6+3=9 |
| STD III | 4+2=6 |
| STD IV | 2+2=4 |
| STD V | 3+1=4 |
| STD VI | 6+4=10 |
| STD VII | 7+7=14 |

## അധ്യാപകരുടെ പേരുവിവരം

1. കൊച്ചുറാണി ആന്റണി - H. M
2. അജി മാത്യു കെ. - LPST

## സ്കൂൾ അഭിമുഖീകരിക്കുന്ന പ്രധാന പ്രതിസന്ധികളും പരിമിതികളും

1. കുട്ടികളുടെ എണ്ണത്തിലുള്ള കുറവ്
2. ലൈബ്രറി പുസ്തകങ്ങൾ സൂക്ഷിക്കാനുള്ള ഷെൽഫുകളുടെ കുറവ്
3. കമ്പ്യൂട്ടർ ലാബ്, സയൻസ് ലാബ്, സ്മാർട്ട് ക്ലാസ് എന്നിവയുടെ അഭാവം
4. സ്ഥിരമായ ഒഴിവുകളിൽ സ്ഥിരമായ അധ്യാപകരെയും അനധ്യാപകരെയും നിയമിക്കാൻ സാധിക്കാത്തത്
5. ഉറപ്പുള്ള ചുറ്റുമതിലിന്റെ അഭാവം
6. അംഗീകാരം ഇല്ലാത്ത പ്രീ പ്രൈമറി സ്കൂൾ
7. സ്പെഷ്യലിസ്റ്റ് അധ്യാപകരുടെ അപര്യാപ്തത

# SCHOOL PROFILE

| | |
|---|---|
| **Name & School** | **: R.U.P.S MELOOR** |
| **Name & Sub District** | **: Chalakudy** |
| **Name & Edn. District** | **: Irinjalakuda** |
| **Name & Revenue District** | **: Thrissur** |
| **Name & Panchayath** | **: Meloor** |
| **Name & CRC** | **: St.John's CUPS Meloor** |
| **School Code** | **: 23250** |
| **Nature & Management** | **: Aided** |
| **School Type** | **: General** |

# ENGLISH

## ലക്ഷ്യം

- എല്ലാ കുട്ടികൾക്കും ഇംഗ്ലീസ് ഭാഷ ഫലപ്രദമായി വായിക്കാനും എഴുതാനും സംസാരിക്കാനുമുള്ള ശേഷി വികസിപ്പിക്കുക.
- തെറ്റില്ലാതെ അനായാസം ഇംഗ്ലീഷ് എഴുതുവാനുള്ള ശേഷി നേടൽ
- ഇംഗ്ലീഷ് ഭാഷയെ സർഗാത്മക പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കൽ
- ഇംഗ്ലീഷിൽ സർഗാത്മക രചന നിർവഹിക്കുന്നതിനുള്ള ശേഷി വികസിപ്പിക്കൽ
- വ്യാകരണശുദ്ധിയോടെ ഇംഗ്ലീഷ് പറയാനും എഴുതാനും കഴിയുന്ന നിലവാരത്തി ലേക്ക് എത്തിക്കൽ
- ഇംഗ്ലീഷ് രചനയിൽ പ്രാവീണ്യം നേടൽ
- കളികളിലൂടെ ഭാഷാപഠനം
- ഇംഗ്ലീഷ് പഠനാന്തരീക്ഷം സൃഷ്ടിക്കൽ

## പ്രവർത്തനങ്ങൾ

1. ആഴ്ചയിൽ രണ്ടുദിവസം കുട്ടികൾ തന്നെ അസംബ്ലിയുടെ മുഴുവൻ പരിപാടി കളും ഇംഗ്ലീഷിൽ അവതരിപ്പിക്കൽ. ഓരോ ക്ലാസുകൾക്കും ഇടവിട്ട് ചുമതലകൾ നൽകൽ.
2. ഓരോ ദിവസവും വിദ്യാലയത്തിലും വീട്ടിലും നടക്കുന്ന സംഭവങ്ങളുടെ ചുരുക്കം ഇംഗ്ലീഷിൽ ഡയറിയിൽ എഴുതുക.
3. പാഠപുസ്തകത്തിലെ ഇംഗ്ലീഷ് പാഠഭാഗങ്ങളെ പുസ്തകത്തിൽ പ്രതിപാദിച്ചിരിക്കു ന്നതിൽ നിന്നും വ്യത്യസ്തമായ വ്യവഹാരരൂപങ്ങളിലേക്ക് മാറ്റിയെഴുതി സദസ്സിനു മുമ്പാകെ അവതരിപ്പിക്കൽ. (Skit, Conversation, drama etc.)
4. ഓരോ മാസവും എന്തെങ്കിലും വിഷയം കേന്ദ്രീകരിച്ച് ബുളളറ്റിൻ തയ്യാറാക്കൽ (Monsoon, Population, Freedom, Onam)
5. മധ്യവേനൽ അവധികാലത്ത് 5 ദിവസത്തെ English Fest മുഴുവൻ പ്രവർത്തന ങ്ങളും ഇംഗ്ലീഷിൽ തന്നെ ചെയ്യൽ.
6. സ്കൂളിലെ ഒരു ക്ലാസിലെ ഒരു മാസത്തെ അക്കാദമിക പ്രവർത്തനങ്ങളുടെ വിശേ ഷങ്ങൾ മറ്റൊരു ക്ലാസ്സിലെ കുട്ടികൾക്കായി കത്തിലൂടെ പങ്കുവെയ്ക്കൽ
7. ഇംഗ്ലീഷ് പദപ്രശ്നം നിർമ്മിക്കുന്നു. ഉത്തരം കണ്ടെത്താൻ നിശ്ചിത സമയം നൽകുന്നു.
8. ക്ലാസ് മുറികളിൽ ഇംഗ്ലീഷ് പുസ്തകങ്ങൾ ശേഖരിക്കൽ, ഇംഗ്ലീഷ് വാർത്തകൾ പ്രദർശിപ്പിക്കൽ.

| no. | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|---|
| 1. | എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഭാഷ ഫലപ്രദമായി വായിക്കാനും എഴുതാനും സംസാരിക്കാനുമുള്ള ശേഷി വികസിപ്പിക്കുക. | ആഴ്ചയിൽ രണ്ടു ദിവസം കുട്ടികൾ തന്നെ അസംബ്ലിയുടെ മുഴുവൻ പരിപാടികളും ഇംഗ്ലീഷിൽ അവതരിപ്പിക്കുക. അധ്യാപകർ ഇംഗ്ലീഷിൽ സന്ദേശം നൽകൽ. ഓരോ ക്ലാസുകൾക്കും ഇടവിട്ട് ചുമതലകൾ നൽകൽ | ആഴ്ചയിൽ രണ്ടു ദിവസം | Class Teacher |
| 2. | തെറ്റില്ലാതെ അനായാസം ഇംഗ്ലീഷ് എഴുതാനുള്ള ശേഷി നേടൽ | **ഡയറി**<br>ഓരോ ദിവസവും വിദ്യാലയത്തിലും വീടിലും നടക്കുന്ന സംഭവങ്ങളുടെ ചുരുക്കം ഇംഗ്ലീഷിൽ ഡയറിയിൽ എഴുതുക | ആഴ്ചയിൽ 5 ദിവസം | English Teacher |
| 3. | ഇംഗ്ലീഷ് ഭാഷയെ സർഗാത്മക പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കൽ | **Theater**<br>പാഠപുസ്തകത്തിലെ ഇംഗ്ലീഷ് പാഠഭാഗങ്ങളെ പുസ്തകത്തിൽ പ്രതിപാദിച്ചിരിക്കുന്നതിൽ നിന്നും വ്യത്യസ്തമായി വ്യവഹാരരൂപങ്ങളിലേക്ക് മാറ്റിയെഴുതി സദസ്സിനു മുമ്പാകെ അവതരിപ്പിക്കൽ. (Skit, Conversation, drama) | പ്രതിമാസ പരിപാടി | H.M./ English Teacher |
| 4. | ഇംഗ്ലീഷിൽ സർഗാത്മക രചന നിർവഹിക്കുന്നതിനുള്ള ശേഷി വികസിപ്പിക്കൽ | **English Bulletin**<br>ഓരോ മാസവും എന്തെങ്കിലും വിഷയം കേന്ദ്രീകരിച്ച് ബുള്ളറ്റിൻ തയ്യാറാക്കൽ. (Ex:- Monsoon, Population, Freedom, Onam etc.) | പ്രതിമാസ പരിപാടി | H.M./ English Teacher |
| 5. | വ്യാകരണശുദ്ധിയോടെ ഇംഗ്ലീഷ് പറയാനും എഴുതാനും കഴിയുന്ന നിലവാരത്തിലേക്ക് എത്തിക്കൽ | **English Fest**<br>മധ്യവേനൽ അവധിക്കാലത്ത് 5 ദിവസത്തെ English Fest. മുഴുവൻ പ്രവർത്തനങ്ങളും ഇംഗ്ലീഷിൽ തന്നെ ചെയ്യൽ | 5 ദിവസം അവധിക്കാലം | PTA H.M. & Staff |
| 6. | ഇംഗ്ലീഷ് രചനയിൽ പ്രാവീണ്യം നേടൽ | English Letter Writing<br>ഒരു ക്ലാസിലെ ഒരു മാസത്തെ അക്കാദമിക പ്രവർത്തനങ്ങളുടെ വിശേഷങ്ങൾ മറ്റൊരു ക്ലാസ്സിലെ കുട്ടികൾക്കായി കത്തിലൂടെ പങ്കുവയ്ക്കൽ | മാസത്തിൽ ഒന്ന് | Class Teacher |
| 7. | കളികളിലൂടെ ഭാഷാ പഠനം | **പദപ്രശ്നനിർമ്മാണം**<br>ഇംഗ്ലീഷ് പദപ്രശ്നം നിർമ്മിക്കുന്നു. ഉത്തരം കണ്ടെത്താൻ നിശ്ചിത സമയം നൽകുന്നു. | പ്രതിമാസം | English Teacher |
| 8. | ഇംഗ്ലീഷ് പഠനാന്തരീക്ഷം സൃഷ്ടിക്കൽ | ക്ലാസ് മുറികളിൽ ഇംഗ്ലീഷ് പുസ്തകങ്ങൾ ശേഖരിക്കൽ, ഇംഗ്ലീഷ് വാർത്തകൾ പ്രദർശിപ്പിക്കൽ | പ്രതിമാസം | English Club |

# അടിസ്ഥാനശാസ്ത്രം

**ലക്ഷ്യം:-**

1. 1 മുതൽ 7 വരെയുള്ള ക്ലാസുകളിലെ ശാസ്ത്ര പഠനപ്രവർത്തനങ്ങൾ ഫലപ്രദമായി ചെയ്യുന്നതിനും പഠനനേട്ടമുറപ്പാക്കുന്നതിനും എല്ലാ ക്ലാസിലും ശാസ്ത്രമൂല ഉറപ്പാക്കൽ

**പ്രവർത്തനങ്ങൾ:-**

1. ശാസ്ത്രമൂലയിൽ ഉണ്ടായിരിക്കേണ്ട മെറ്റീരിയലുകളുടെ ലിസ്റ്റ് തയ്യാറാക്കൽ
2. അവയെ തരം തിരിക്കൽ (വാങ്ങേണ്ടവ, ശേഖരിക്കേണ്ടവ, നിർമ്മിക്കേണ്ടവ, ക്ലാസിൽ സൂക്ഷിക്കേണ്ടവ)
3. ശാസ്ത്രമൂലയിൽ ഉൾപ്പെടുത്തേണ്ട പുസ്തകങ്ങൾ, പരീക്ഷണങ്ങൾ എന്നിവ ലിസ്റ്റ് ചെയ്യൽ
4. ശാസ്ത്ര സാമഗ്രികൾ വാങ്ങൽ
5. പരീക്ഷണ ശില്പശാല (1 മുതൽ 7 വരെ ക്ലാസുകളിലെ) ചെറുതും വലുതുമായ പരീക്ഷണങ്ങൾ ചെയ്തു പരിശീലിക്കൽ.
6. പഠനോപകരണ നിർമ്മാണം
7. സ്കൂൾലാബ് സജ്ജമാക്കൽ
8. പരീക്ഷണ ശില്പശാല ( 1 മുതൽ 7 വരെ ക്ലാസുകളിലെ ചെറുതും വലുതുമായ പരീക്ഷണങ്ങൾ ചെയ്തു പരിശീലിക്കൽ)
9. ക്ലാസ് നിലവാരത്തിലുള്ളവ വാങ്ങൽ (ശാസ്ത്രപുസ്തകങ്ങൾ)
10. ശാസ്ത്രവിസ്മയചുമർ നിർമ്മാണം
11. ശാസ്ത്ര സ്കിറ്റുകൾ അവതരിപ്പിക്കൽ
12. ശാസ്ത്ര പ്രോജക്ടുകൾ തയ്യാറാക്കൽ
13. സയൻസ് ഫൺ അവതരിപ്പിക്കൽ
14. ശാസ്ത്രകാരൻമാരെ പരിചയപ്പെടുത്തൽ
15. മോഡൽസ് ഉണ്ടാക്കൽ
16. ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കൽ
17. സയൻസ് ഡയറി എഴുതൽ
18. പച്ചക്കറിത്തോട്ടം നിർമ്മാണം.

| നം. | പ്രവർത്തനങ്ങൾ | കാലയളവ് | ക്ലാസ് | ലക്ഷ്യം |
| --- | --- | --- | --- | --- |
| 1. | ശാസ്ത്രമൂലയിൽ ഉണ്ടായിരിക്കേണ്ട മെറ്റീരിയലുകളുടെ ലിസ്റ്റ് തയ്യാറാക്കൽ അവയെ തരം തിരിക്കുന്നു. (വാങ്ങേണ്ടവ, ശേഖരിക്കേണ്ടവ, നിർമ്മിക്കേണ്ടവ, ക്ലാസിൽ സൂക്ഷിക്കേണ്ടവ) | 1 month | V, VI, VII | ശാസ്ത്രപഠനപ്രവർത്തനങ്ങൾ ഫലപ്രദമായി ചെയ്യുന്നതിനും പഠനനേട്ടമുറപ്പാക്കുന്നതിനും, എല്ലാ ക്ലാസിലും ശാസ്ത്രമൂല തയ്യാറാക്കൽ |
| | ശാസ്ത്രസാമഗ്രികൾ വാങ്ങൽ<br>ശാസ്ത്രപുസ്തകങ്ങൾ വാങ്ങൽ | 1 week | V, VI, VII | |
| | പരീക്ഷണ ശില്പശാല<br>പഠനോപകരണ നിർമ്മാണം<br>ശാസ്ത്രപ്രോജക്ടുകൾ തയ്യാറാക്കൽ | 1 week<br>I week | I to VII<br>I to VII | കുട്ടികൾക്ക് പരീക്ഷണങ്ങളിൽ ഏർപ്പെടാനും, അപഗ്രഥിച്ച് നിഗമനങ്ങൾ രൂപീകരിക്കാനും കഴിയുന്നതിനും |
| | സ്കൂൾ ലാബ് സജ്ജമാക്കൽ<br>ശാസ്ത്രവിസ്മയച്ചുമർ നിർമ്മാണം<br>ശാസ്ത്ര സ്കിറ്റുകൾ അവതരിപ്പിക്കൽ<br>സയൻസ് ഫൺ അവതരിപ്പിക്കൽ | 1 week<br>1 month<br>1 week | V, VI, VII | ശാസ്ത്രീയവീക്ഷണം രൂപപ്പെടുത്താനും പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്താനും |
| | ശാസ്ത്രകാരൻമാരെ പരിചയപ്പെടൽ<br>മോഡൽസ് ഉണ്ടാക്കൽ<br>ഫീൽഡ്ട്രിപ്പ് സംഘടിപ്പിക്കൽ<br>സയൻസ് ഡയറി എഴുതൽ<br>പച്ചക്കറിത്തോട്ടനിർമ്മാണം | 1 year<br>1 week<br>1 month | V, VI, VII | ദൈനംദിന ജീവിതവുമായി പഠനത്തെ ബന്ധപ്പെടുത്താനും കഴിയുന്നതിന് |

# ഹിന്ദി

ലക്ഷ്യം:-

1. 5 മുതൽ 7 വരെയുള്ള കുട്ടികൾക്ക് ഹിന്ദി അനായാസം വായിക്കുന്നതിനും എഴുതുന്നതിനും പറയുന്നതിനും ആവശ്യമായ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യൽ.

പ്രവർത്തനങ്ങൾ:-

1. പ്രീടെസ്റ്റ് നടത്തി മികവുകളും പരമിതികളും കണ്ടെത്തൽ
2. പരിമിതികൾ പരിഹരിക്കുന്നതിനും ആവശ്യമായ പ്രവർത്തന പാക്കേജ് തയ്യാറാക്കൽ
3. ഹിന്ദിയിലുള്ള അസംബ്ലി
4. ഹിന്ദിയിലുള്ള ഡയറിക്കുറിപ്പ്
5. ഒരു ദിവസം ഒരു ഹിന്ദി പരിപാടി (എല്ലാ ക്ലാസിലും)
6. ഹിന്ദി ക്ലാസ് ലൈബ്രറി, വായനാ സാമഗ്രികൾ, ലഘു വായനാ പുസ്തകം.
7. പതിപ്പുകൾ, മാഗസിനുകൾ
8. രചന, ശില്പശാലകൾ

| നം. | പ്രവർത്തനങ്ങൾ | കാല ദൈർഘ്യം | ക്ലാസ് | ലക്ഷ്യം |
|---|---|---|---|---|
| 1. | ഹിന്ദി(നാടകോൽസവം) വിവിധ ക്ലാസുകളിൽ നിന്ന് വിദ്യാർത്ഥികളെ തിരഞ്ഞെടുത്തത്) | 1 വർഷം | 5,6,7 അധ്യാപകർ | 1,4,2,3,8,5 |
| | • വിദ്യാർത്ഥികൾക്ക് ക്യാമ്പ്<br>• കഥാവായന<br>• കഥാരചന<br>• സ്ക്രിപ്റ്റ് റൈറ്റിംഗ്<br>• എഡിറ്റിംഗ്<br>• അഭിനയ പരിശീലനം<br>• ഹിന്ദി നാടകങ്ങൾ കാണാനുള്ള അവസരം<br>• ഹിന്ദി നാടക അഭിനേതാക്കൾ, ലേഖകർ എന്നിവരുടെ അഭിമുഖം, ശില്പശാലകൾ.<br>• ക്ലാസ് തല അഭിനയ പരിശീലന അവസരം | | | |

| | | | | |
|---|---|---|---|---|
| | • വേദികളിൽ അവതരണത്തിന് അവസരം. P.T.A., C.P.T.A., Corner P.T.A കളിൽ അവതരണം, സ്കൂൾ വാർഷികം<br>• ഡോക്യുമെന്റേഷൻ, I.J. സാധ്യത ഉപയോഗിച്ച്<br>• അധ്യാപക ഹിന്ദി നാടകോൽസവം<br>• ഹിന്ദി തിയേറ്റർ സജ്ജീകരിക്കുക. | | | |
| 2. | ഹിന്ദി അന്തരീക്ഷവുമായി ബന്ധപ്പെടാനുള്ള അവസരം സ്കൂൾ അസംബ്ലി. | | | |
| | • ഹിന്ദി ഡോക്യുമെന്ററി, സിനിമ കാണാനുള്ള അവസരം<br>• വാർത്തകൾ കേൾക്കാനുള്ള അവസരം<br>• ഹിന്ദി ലേഖകരുമായുള്ള വീഡിയോ കോൺഫറൻസ്<br>• ഹിന്ദി കവിതകൾ ഓഡിയോ കേൾക്കാനുള്ള അവസരം<br>• സ്കൂൾതല റേഡിയോ സ്റ്റേഷനിൽ ഹിന്ദിക്ക് സമയം നൽകി വാർത്താവതരണം ക്വിസ് പ്രോഗ്രാം സംഘടിപ്പിക്കുക.<br>• ഹിന്ദി മാതൃഭാഷയായിട്ടുള്ള പ്രദേശങ്ങളിലേക്കുകൂടി പഠനയാത്രകൾ പ്ലാൻ ചെയ്യുക. | 6 മാസം<br>1വർഷം<br><br>Long Term | 5,6,7 | 2<br>4<br>8 |

# അക്കാദമിക പ്ലാൻ - Short Term - Malayalam

| SL. No. | Programme | Activity | Duration | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 1. | ഭാഷാപരമായി പിന്നോക്കാവസ്ഥ പരിഹരിക്കൽ (മലയാളത്തിളക്കം) | 1. Pre - test (2.6.17)<br>2. അക്ഷരം ഉറപ്പിക്കൽ<br>3. അടയാളം ഉറപ്പിക്കൽ<br>4. അക്ഷരകാർഡ് നൽകൽ<br>5. വാക്കുകൾ എഴുതിയ കാർഡ്<br>6. വാക്കുകൾ നിർമ്മിക്കുക.<br>7. വാക്യങ്ങൾ നിർമ്മിക്കൽ<br>8. ചിത്രം- അടിക്കുറിപ്പ്<br>9. ചിത്രം - കഥപറയൽ<br>10. ചിത്രം - കഥ എഴുതൽ<br>11. കഥ ബാക്കി എഴുതൽ<br>12. കഥാപുസ്തകം നൽകൽ<br>13. CD യിൽ ഒരു ചിത്രം നൽകി വാക്യങ്ങൾ എഴുതൽ<br>14. ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേകം ക്ലാസ് | 2 month Aug-Sep | പുസ്തക ങ്ങൾ CD | BRC DIET SCERT |
| 2. | കുട്ടിയെ മികച്ച വായനക്കാരനാക്കുക (വായനക്കൂട്ടം) | 1. ക്ലാസ് വായനക്കൂട്ടം രൂപീകരിക്കൽ<br>2. വായനമൂല, ക്ലാസ് ലൈബ്രറി രൂപീകരിക്കൽ<br>3. സ്കൂൾ ലൈബ്രറി നവീകരിക്കൽ<br>4. സമീപ ഗ്രന്ഥശാല അംഗത്വം<br>5. വായനോത്സവം സംഘടിപ്പിക്കൽ<br>6. പത്രവായന<br>7. അമ്മ വായന<br>8. പുസ്തക ചർച്ച<br>9. വായനാനുഭവം പങ്കുവയ്ക്കൽ<br>10. വായനാക്കുറിപ്പ് പതിപ്പ്<br>11. വിദ്യാരംഗം കലാസാഹിത്യ വേദി, പ്രവർത്തനം ക്ലാസ് സഭ<br>12. സ്കൂൾ സഭ, ബാലസഭ<br>13. ദിനാചരണങ്ങൾ<br>14. ആകാശവാണി ക്ലബ്ബ്<br>15. സാഹിത്യകാരൻമാരുമാ | 6 months | ക്ലാസ് ലൈബ്രറി<br>സ്കൂൾ ലൈബ്രറി<br>ഗ്രന്ഥ ശാല<br>പത്രങ്ങൾ<br>ആനുകാലിക പ്രസിദ്ധീകരണങ്ങൾ<br>വായനാമുറി | BRC<br>DIET<br>SCERT<br>PTA<br>ഗ്രന്ഥ ശാല<br>BRC |

| | | | | | |
|---|---|---|---|---|---|
| | | യുള്ള അഭിമുഖം<br>16. ആനുകാലിക പ്രസിദ്ധീകര ണങ്ങളും വായനയും<br>17. ആസ്വാദകരമായ വായന<br>18. വായനാസാമഗ്രികൾ വികസി പ്പിക്കൽ<br>19. ഇ- വായന<br>20. പുസ്തകം ഒരുക്കൽ(യു.പി. വായന)<br>21. വായനാക്കൂട്ടം, മോണിറ്ററിംഗ്<br>22. കാവ്യക്കൂട്ടം | | ഇന്റർനെറ്റ് കമ്പ്യൂട്ടർ | |
| 3. | കുട്ടിയെ മികച്ച എഴുത്തു കാരനാക്കുക(എഴു ത്തുക്കൂട്ടം) | 1. എഴുത്തുകൂട്ടരൂപീകരണം<br>2. പുസ്തകചർച്ച<br>3. ക്ലാസ് ലൈബ്രറി<br>4. വായനാക്കുറിപ്പ് പതിപ്പ്<br>5. സഞ്ചരിക്കുന്ന ആസ്വാദനക്കു റിപ്പ്<br>6. പുസ്തകം<br>7. വിവിധ സാഹിത്യശാഖകൾ പരിചയപ്പെടൽ<br>8. ഇൻലന്റ് മാഗസിൻ, ചുമർ പത്രിക, പതിപ്പ് തയ്യാറാക്കൽ<br>9. സർഗ്ഗ സൃഷ്ടികളുടെ പുസ്തകം തയ്യാറാക്കൽ<br>10. എഴുത്തുകൂട്ടം മോണിറ്ററിംഗ്<br>11. വായനാക്കുറിപ്പ്<br>12. ബാലസഭ<br>13. പൊതുവേദികളിൽ സംസാരി ക്കാനുള്ള കഴിവ്<br>14. ഭാഷാ പ്രോജക്ട്<br>15. വ്യക്തിഗത രചന<br>16. സാഹിത്യകാരൻമാരുമാ യുള്ള സംവാദം, അഭിമുഖം<br>17. രചയിതാക്കളെ പരിചയപ്പെ ടൽ<br>18. സാഹിത്യസാംസ്ക്കാരിക Auditorium ചിത്ര ഗ്യാലറി | 6 months | ലൈബ്രറി<br><br>പുസ്തക ങ്ങൾ<br><br>ജീവച രിത്ര പുസ്തക ങ്ങൾ<br><br>ഗ്രന്ഥ ശാല<br><br>ഫോട്ടോ കൾ<br><br>പുസ്തക ങ്ങൾ | BRC<br><br>DIET<br><br>SCERT<br><br>PTA<br><br>BRC<br><br>ജനപ്രതി നിധി<br><br>PTA<br><br>Teachers |

# Project - Long Term Malayalam

ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ (മലയാളത്തിളക്കം) മികച്ച വായനക്കാരൻ (വായനക്കൂട്ടം) മികച്ച എഴുത്തുക്കാരൻ (എഴുത്തുക്കൂട്ടം)

വായിച്ചു വളരുക, ചിന്തിച്ച് വിവേകം നേടുക എന്ന മഹത് വചനത്തിന് വേണ്ടി വിദ്യാർത്ഥി സമൂഹത്തെ വായനയുടേയും എഴുത്തിന്റെയും പാതയിലേക്ക് നയിക്കാൻ ഒരു മഹത് സംരംഭം വിദ്യാലയത്തിലെ മുഴുവൻ വിദ്യാർത്ഥികളെയും മികച്ച വായനക്കാരനാക്കുക ഒപ്പം മികച്ച എഴുത്തുകാരനാക്കുക. ഈ ലക്ഷ്യം നേടുന്നതിനായി പിന്നോക്കം നിൽക്കുന്നവരെ കൂടി മുൻധാരയിലെത്തിച്ച് വായനയും എഴുത്തും ഒരു നവ്യാനുഭവമാക്കി വിദ്യാലയത്തെ ഒരു സർഗ്ഗ പ്രപഞ്ചമാക്കി മാറ്റുവാനുള്ള നൂതന സംരംഭം. 2017- 18 അധ്യയന വർഷം മൈലക്കാട് UPS BRC യുടേയും DIET ന്റെയും, SCERT യുടേയും സഹകരണത്തോടെ ഏറ്റെടുക്കുന്ന ഒരു പ്രോജക്ട്.

**ലക്ഷ്യങ്ങൾ**

- എല്ലാവർക്കും എഴുത്തും വായനയും
- വായനക്കൂട്ടം, എഴുത്ത് കൂട്ടം
- അമ്മ വായന
- ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി
- ഗ്രന്ഥശാല അംഗത്വം
- ക്ലാസ് സഭ, സ്കൂൾ സഭ, ബാലസഭ
- വായനയുടെ വിവിധ തലങ്ങൾ പരിചയപ്പെടൽ
- മലയാളത്തിലെ വിവിധ സാഹിത്യ ശാഖകൾ പരിചയപ്പെടൽ
- ആസ്വാദ്യാകരമായ വായനയിൽ വൈദഗ്ധ്യം നേടുക
- വായനാസാമഗ്രികൾ കണ്ടെത്തുക, വികസിപ്പിക്കുക
- വായനയും എഴുത്തും വികസിപ്പിക്കുന്നതിനുള്ള തന്ത്രങ്ങൾ വികസിപ്പിക്കുക
- ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് വായനയുടെയും എഴുത്തിന്റെയും സാധ്യത കണ്ടെത്തുക
- എഴുത്തിന്റെ വിവിധ തലങ്ങൾ പരിചയപ്പെടുക
- ഇൻലന്റ് മാഗസിൻ, ചുമർ മാഗസിൻ എന്നിവയുടെ വായന, എഴുത്ത് എന്നിവ പരിപോഷിപ്പിക്കുക
- സാഹിത്യകാരൻമാരുമായുള്ള സംവാദം, അഭിമുഖം എന്നിവ സംഘടിപ്പിക്കൽ
- ഭാഷയുമായി ബന്ധപ്പെട്ട CD, ICT സാധ്യത എന്നിവ സജ്ജീകരിക്കൽ

## പ്രവർത്തനങ്ങൾ

1. മലയാളത്തിളക്കം (Pre - test) 02.06.17 പ്രീടെസ്റ്റ് നടത്തുന്നു. പിന്നോക്കക്കാരെ കണ്ടെത്തുന്നു.

2. **അക്ഷരം ഉറപ്പിക്കൽ** ( 1 month)
   ചിത്രങ്ങളിലൂടെ മലയാള അക്ഷരങ്ങൾ ഉറപ്പാക്കുന്നു.

3. **അടയാളം ഉറപ്പിക്കൽ**
   ചിത്ര സഹായത്താൽ അടയാളങ്ങൾ, ചിഹ്നങ്ങൾ എന്നിവ ഉറപ്പിക്കൽ

4. **അക്ഷരകാർഡ്, വാക്കുകൾ എഴുതിയ കാർഡ്**
   അക്ഷരകാർഡിലൂടെ വാക്കുകൾ രൂപീകരിക്കൽ, വാക്കുകളിലൂടെ വാക്യങ്ങൾ രൂപീകരിക്കൽ

5. **ചിത്രം, അടിക്കുറിപ്പ്**
   ചിത്രം നൽകൽ, അടിക്കുറിപ്പ് പറയിപ്പിക്കൽ, അധ്യാപികയുടെ സഹായത്തോടെ എഴുതൽ

6. **കഥ, ബാക്കി പറയൽ, എഴുതൽ**
   ഒരു കഥയുടെ കുറച്ചു ഭാഗം നൽകുന്നു, ബാക്കി പറയിപ്പിക്കുന്നു, എഴുതുന്നു.

7. **കഥാപുസ്തകം നൽകൽ**
   വായന, കുറിപ്പ് തയ്യാറാക്കൽ

8. **CD പ്രദർശനം**
   ചിത്രങ്ങൾ അടങ്ങിയ CD പ്രദർശിപ്പിക്കുന്നു. ഓരോ ചിത്രത്തേയും കുറിച്ച് പറയാൻ അവസരം, എഴുതാൻ അവസരം.

9. **ഭിന്നശേഷിക്കാരെ പരിഗണിക്കൽ**
   ഭിന്നശേഷിക്കാർക്കായി പ്രത്യേകം പ്രവർത്തന പാക്കേജ് IED അദ്ധ്യാപകരുടെ സേവനം

10. **ക്ലാസ് വായനാക്കൂട്ടം രൂപീകരിക്കൽ**
    ക്ലാസിലെ മുഴുവൻ കുട്ടികളെയും 5 പേർ അടങ്ങുന്ന ഗ്രൂപ്പാക്കുന്നു. എത്ര പുസ്തകം വായിക്കാം, വായനാക്കുറിപ്പ് പുസ്തകം എങ്ങനെ തിരഞ്ഞെടുക്കാം (പാഠഭാഗവുമായി ബന്ധപ്പെട്ടവ) ചർച്ച, വായനാക്കുറിപപ്, അസംബ്ലി, ആകാശവാണി, ബാലസഭ എന്നിവയിൽ അവതരിപ്പിക്കാൻ അവസരം.

11. **ക്ലാസ് ലൈബ്രറി രൂപീകരിക്കൽ**

കുട്ടികളുടെ സഹായത്തോടെ UP വായനയ്ക്ക് സഹായകമായ പുസ്തകങ്ങൾ അടങ്ങുന്ന ഒരു ക്ലാസ് ലൈബ്രറി സജീകരണം

12. **സ്കൂൾ ലൈബ്രറി നവീകരണം**

പുസ്തക വിതരണ രജിസ്റ്റർ, കുട്ടി ലൈബ്രേറിയൻ, പുസ്തക വിതരണം, പുസ്തകങ്ങൾ വിവിധ തലകെട്ടോടെയുള്ള ക്രമീകരണം, birthday പുസ്തക ശേഖരണം

13. **സമീപഗ്രന്ഥശാല അംഗത്വം**

ഗ്രന്ഥശാലയിൽ അംഗത്വം, പുസ്തക വിതരണം, വായന, എഴുത്ത് പ്രോത്സാഹനം, എന്റെ പുസ്തക പ്രകാശനം

14. **വായനോത്സവം സംഘടിപ്പിക്കൽ**

കുട്ടികളുടെ കൂട്ടായ്മ യോഗം സംഘടിപ്പിക്കൽ, യോഗത്തിൽ പങ്കെടുത്ത എല്ലാവരും സ്വയം പുസ്തകമായി അനുഭവം പങ്കിടൽ, വായനക്കുറിപ്പ്, ആസ്വാദനക്കുറിപ്പ് പ്രകാശനം, അധ്യാപകരുടെ പുസ്തകം പരിചയപ്പെടുത്തൽ, വായിച്ച കൃതികളുടെ രംഗാവിഷ്ക്കാരം (പാഠഭാഗവുമായി ബന്ധപ്പെട്ട്) ചൊൽകാഴ്ച, നാടകങ്ങൾ എന്നിവയുടെ അവതരണം.

15. **പത്രവായന**

വിവിധ പത്രങ്ങൾ ക്ലാസിൽ ലഭ്യമാക്കൽ, പത്ര ക്വിസ്, വാർത്ത തയ്യാറാക്കൽ, പുതിയ അറിവ് കണ്ടെത്തൽ, വായന, എഴുത്ത്, പത്രം തയ്യാറാക്കൽ (പാഠഭാഗവുമായി ബന്ധപ്പെട്ട്)

16. **അമ്മ വായന**

സ്കൂൾ ലൈബ്രറിയിൽ നിന്ന് അമ്മമാർക്ക് പുസ്തകം തെരഞ്ഞെടുക്കാൻ അവസരം- വായന മുറി- വായനാക്കുറിപ്പ് തയ്യാറാക്കൽ - മികച്ച കുറിപ്പ് കണ്ടെത്തൽ- പ്രോത്സാഹനം അമ്മ സാഹിത്യസമാജം രൂപീകരിക്കൽ, ശിൽപശാല

17. **പുസ്തകചർച്ച - വായനാ അനുഭവം പങ്കുവെയ്ക്കൽ**

വിദ്യാർത്ഥികൾ, രക്ഷിതാക്കൾ, അധ്യാപകർ, സാഹിത്യകാരന്മാർ എന്നിവർക്ക് സ്വാഗതം- പാഠഭാഗവുമായി ബന്ധപ്പെട്ട് അധിക വായനയ്ക്കു നൽകിയ പുസ്തകങ്ങൾ പരിചയപ്പെടുത്തൽ, സന്ദേശം, കഥാപാത്രനിരൂപണം, സ്വാധീനം, ഇഷ്ടപ്പെടാനുള്ള കാരണം എന്നിവ അവതരിപ്പിക്കൽ, മാസത്തിൽ ഒരു ദിവസം.

18. **വായനാക്കുറിപ്പ്**

ഓരോ പുസ്തകവായനയുടെയും കുറിപ്പ് ശേഖരിക്കുന്നു. ആവശ്യമായ കൂട്ടിച്ചേർക്കൽ നടക്കുന്നു. പതിപ്പു പ്രകാശനം

19. <u>വിദ്യാരംഗം കലാസാഹിത്യവേദി പ്രവർത്തനം</u>

വായനാ, എഴുത്ത്, മെച്ചപ്പെടുത്താൻ വേണ്ട പ്രവർത്തനങ്ങൾ ആസൂത്രണം പാഠ ഭാഗവുമായി ബന്ധപ്പെട്ടവ സ്വന്തം സൃഷ്ടികൾ എന്നിവ പരിചയപ്പെടുത്താൻ അവ സരം വിവിധ മത്സരങ്ങൾ സംഘടിപ്പിക്കൽ സാഹിത്യകാരൻമാരെ ക്ഷണിക്കൽ

20. <u>ക്ലാസ് സ്കൂൾ ബാലസഭകൾ</u>

ഓരോ ക്ലാസിലും സ്കൂളിലും ബാലസഭ രൂപീകരണം, സ്കൂളിൽ യോഗം സംഘ ടിപ്പിക്കൽ, സൃഷ്ടികൾ പരിചയം, പ്രകാശനം, അവതരണം, വിദ്യാലയത്തിനു പുറത്ത് ബാലസഭകൾ രൂപീകരിക്കൽ, പൊതുജന പങ്കാളിത്തം, സാഹിത്യകാ രൻമാരുടെ സാന്നിധ്യം.

21. <u>ദിനാചരണങ്ങൾ</u>

വായനയും, എഴുത്തും പ്രോത്സാഹിപ്പിക്കുന്നതിന് ദിനാചരണങ്ങളുമായി ബന്ധ പ്പെട്ട് നിരവധി പ്രവർത്തനങ്ങളും മത്സരങ്ങളും സംഘടിപ്പിക്കുന്നു.

22. <u>ആകാശവാണിക്ലബ്ബ്</u>

കുട്ടികളുടെ സർഗ്ഗ വികസനത്തിന് വിവിധ പരിപാടികൾ ഉൾക്കൊള്ളിച്ച് കൊണ്ട് ആകാശവാണി ക്ലബ് നടത്തുന്നു. മികച്ച പ്രകടനക്കാരെ ക്ലാസുകാരെ കണ്ടെത്തൽ പ്രോത്സാഹനം.

23. <u>സാഹിത്യകാരൻമാരുമായുള്ള സംവാദം, അഭിമുഖം</u>

സാഹിത്യവാസന മെച്ചപ്പെടുത്താൻ, കൃതികളെ ആഴത്തിൽ അറിയാൻ, പുസ്തക രചനാ തന്ത്രങ്ങൾ അറിയാൻ കഥ, കവിത രൂപീകരണം, മനസ്സിലാക്കാൻ ഇത്തരം പ്രവർത്തനങ്ങളുടെ ആസൂത്രണം.

24. <u>ആനുകാലിക പ്രസിദ്ധീകരണങ്ങളും വായനയും</u>

ക്ലാസ് മുറിയിൽ, സ്കൂളിൽ, ധാരാളം ആനുകാലിക പ്രസിദ്ധീകരണങ്ങളുടെ ലഭ്യത, വായന, പ്രോത്സാഹിപ്പിക്കുന്നതിനായി വിവിധ പ്രവർത്തനം, മത്സരങ്ങൾ.

25. <u>വായനാസാമഗ്രികൾ വികസിപ്പിക്കൽ</u>

യു.പി.കുട്ടികൾക്കായുള്ള വായനാ സാമഗ്രികൾ, ശേഖരിക്കൽ, കുട്ടികളുടേയും രക്ഷിതാക്കളുടേയും പ്രാദേശിക എഴുത്തുകാരുടേയും അധ്യാപകരുടെയും പങ്കാ ളിത്തമുള്ള രചനാ ശില്പശാലസംഘടിപ്പിക്കൽ, രചനകൾ Spriral ബൈൻഡ് ചെയ്ത് ഉപയോഗിക്കൽ.

26. <u>ഇ- വായന സാധ്യത കണ്ടെത്തൽ</u>

വിക്കി പീഡിയ പരിചയപ്പെടുത്തൽ നെറ്റിൽ നിന്നും വിവരം ശേഖരിക്കാനുള്ള നൈപുണി വായന കൂട്ടത്തിന്റെയും, എഴുത്ത് കൂട്ടത്തിന്റെയും നേതൃത്വത്തിൽ

ബ്ലോഗ് രൂപീകരണം 'ഇ' പേപ്പറുകൾ പരിചയപ്പെടുത്തൽ, വിവിധ കൃതികൾ, കവിത, എന്നിവ, വീഡിയോ കാണൽ.

27. വായനക്കൂട്ടം എഴുത്തുക്കൂട്ടം മോണിറ്ററിംഗ്

അധ്യാപകർ, കുട്ടിപ്രതിനിധി,രക്ഷിതാക്കൾ, പ്രാദേശിക സാഹിത്യകാരൻമാർ, BRC, DIET അധ്യാപകർ മറ്റു സ്കൂളിലെ അധ്യാപകർ എന്നിവരുടെ സേവനം

28. കാവ്യക്കൂട്ടം

കുട്ടികളുടെ കവിതകൾ, അധ്യാപകരുടെ കവിതകൾ, രക്ഷിതാക്കളുടെ കവിതകൾ, സമൂഹത്തിലെ വ്യക്തികൾ, പ്രാദേശിക സാഹിത്യകാരൻമാർ, കവികൾ, മുതലായവരെ സംഘടിപ്പിച്ച് കാവ്യക്കൂട്ടം സംഘടിപ്പിക്കുന്നു. (BRC യുടെ സഹായത്തോടെ)

29. എഴുത്തുകൂട്ട രൂപീകരണം

കുട്ടികളെ 5 വീതം എഴുത്തുക്കൂട്ടങ്ങളാക്കുന്നു. വ്യക്തി രചന, സംഘരചന എന്നിവ സംഘടിപ്പിക്കുന്നു. എഴുത്ത്, ഏത് സാഹിത്യ വിഭാഗത്തിൽ, മോണിറ്ററിംഗ് എന്നിവ ചർച്ച ചെയ്യുന്നു.

30. സഞ്ചരിക്കുന്ന ആസ്വാദനകുറിപ്പ് പുസ്തകം

ഓരോ ദിവസവും ഓരോ കുട്ടി എഴുതണം. വീട്ടിലുള്ള ആരെങ്കിലും ഒരാൾ പുസ്തകത്തെക്കുറിച്ച് അഭിപ്രായം രേഖപ്പെടുത്തണം. കൈമാറി കൈമാറി എല്ലാവരുടെയും രചനകൾ ആകുമ്പോൾ അധ്യാപകരുടെ ആസ്വാദനക്കുറിപ്പും വിലയിരുത്തൽക്കുറിപ്പും വീണ്ടും പ്രയാണം.

31. വിവിധ സാഹിത്യശാഖകൾ പരിചയപ്പെടൽ

32. മലയാള സാഹിത്യത്തിലെ വിവിധ സാഹിത്യ ശാഖകൾ പരിചയപ്പെടുത്തൽ വിവിധ ശാഖകൾ തലക്കെട്ടോടെ ലൈബ്രറി പുസ്തകം ലിസ്റ്റ് ചെയ്യൽ. വിവിധ മേഖലയിൽ സാഹിത്യസൃഷ്ടി നടത്തൽ, വിവിധ സാഹിത്യ മേഖലകളിലുള്ള വ്യക്തികളുടെ ആഗമനം സംവാദം, അഭിമുഖം.

33. ഇൻലന്റ് മാഗസിൻ, ചുമർ പത്രിക, പതിപ്പ്

സർഗ്ഗശേഷി പരിപോഷിപ്പിക്കൽ ക്ലാസ് തലത്തിൽ ഇൻലന്റ് മാഗസിൻ, ചുമർപത്രിക, പതിപ്പുകൾ തയ്യാറാക്കൽ, പ്രകാശനം.

34. പൊതുവേദിയിലെ പ്രകടനങ്ങൾ

കുട്ടികളിലെ ഭയം, സഭാകമ്പം എന്നിവ മാറ്റിയെടുക്കാൻ അസംബ്ലി, റേഡിയോ ക്ലബ്, സർഗവേള, ബാലസഭ എന്നിവ സംഘടിപ്പിക്കുന്നു അവസരം നൽകുന്നു. സ്വന്തം സൃഷ്ടികൾ അവതരിപ്പിക്കാൻ അവസരം. യോഗങ്ങൾ സംഘടിപ്പിക്കൽ.

35. <u>വ്യക്തിഗത രചന, സംഘരചന</u>

കുട്ടികളുടെ സർഗശേഷി വർദ്ധിപ്പിക്കാൻ നിരവധി രചനാ മത്സരങ്ങൾ സംഘടിപ്പിക്കുന്നു. വിലയിരുത്തൽ, പുസ്തകം തയ്യാറാക്കൽ

36. <u>ഭാഷാ പ്രോജക്ടുകൾ</u>

ഭാഷയെ കൂടുതൽ മനസിലാക്കാനും ആഴത്തിലുള്ള വായനയ്ക്കുമായി ഭാഷയുടെ വിവിധ പ്രോജക്ടുകൾ ചെയ്യുന്നു. (പാഠപുസ്തകവുമായി ബന്ധപ്പെട്ടത്)

37. <u>രചയിതാക്കളെ പരിചയപ്പെടൽ</u>

അസംബ്ലിയിൽ ഒരു ഇനമാകണം കൃതികൾ, സംഭാവന, സവിശേഷത ഇവ പരിചയപ്പെടുത്തണം, രചയിതാവിന്റെ ചിത്രം പ്രദർശിപ്പിക്കൽ

38. <u>ഭിന്നശേഷിക്കാർക്കുള്ള പ്രവർത്തനങ്ങൾ</u>

BRC, IED, Teachers എന്നിവരുടെ സഹായത്തോടെ ഭിന്നശേഷിക്കാർക്കുള്ള പ്രവർത്തനം, ആസൂത്രണം നടപ്പിലാക്കൽ പ്രോത്സാഹനം, പ്രഗൽഭരുടെ സേവനം

39. <u>സാഹിത്യ സാംസ്കാരിക ചിത്രശാലറി</u>

സാഹിത്യകാരൻമാരുടെ ചിത്രങ്ങൾ, പുസ്തകങ്ങൾ, മഹത് വചനങ്ങൾ, ജീവചരിത്രകുറിപ്പുകൾ, ആസ്വാദനകുറിപ്പുകൾ, കവിതകൾ എന്നിവ പ്രദർശിപ്പിക്കൽ ആർട്ട് ഗ്യാലറി സന്ദർശിക്കൽ

# സാമൂഹ്യശാസ്ത്രം

**ലക്ഷ്യം:-**

1 മുതൽ 7 വരെയുള്ള ക്ലാസുകളിലെ കുട്ടികൾക്ക് ചരിത്രം, ഭൂമിശാസ്ത്രം എന്നിവയിൽ അറിവ് സ്വായത്തമാക്കുന്നതിന് ആവശ്യമായ പഠനസാമഗ്രികൾ ഉറപ്പുവരുത്തുന്നു. പഠന നേട്ടങ്ങൾക്ക് ആവശ്യമായ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നു.

**പ്രവർത്തനങ്ങൾ**

1. ഭൂപട നിർമ്മാണം
   പ്രാദേശികവിഭവ ഭൂപട നിർമ്മാണം, സാമൂഹ്യശാസ്ത്ര പഠന പരിപോഷണത്തിന് അനിവാര്യമായ വ്യക്തികൾ, സ്ഥാപനങ്ങൾ, സ്ഥലങ്ങൾ എന്നിവ കണ്ടെത്തി പ്രാദേശിക വിഭവ ഭൂപടം നിർമ്മിക്കൽ
2. ഭൂപടങ്ങൾ തരം തിരിക്കൽ (വാങ്ങേണ്ടവ, ശേഖരിക്കേണ്ടവ, നിർമ്മിക്കേണ്ടവ)
3. സോഷ്യൽ സയൻസ് ലാബ് നവീകരണം, സോഷ്യൽ സയൻസ് ടെസ്റ്റ് ഫെസ്റ്റ് 5, 6, 7 ക്ലാസ്സുകളിൽ പാഠഭാഗവുമായി ബന്ധപ്പെട്ട് ക്ലാസിൽ നടക്കുന്ന വേറിട്ട പ്രവർത്തനങ്ങളുടെ ഉൽപ്പന്നങ്ങൾ പ്രദർശിപ്പിക്കൽ.
4. Field trip സർവ്വേ അഭിമുഖം.
5. **സെമിനാർ സംഘടിപ്പിക്കൽ**
   മഹാൻമാരെക്കുറിച്ചറിയൽ, ഇന്ത്യൻ ഭരണഘടന, ജനാധിപത്യവ്യവസ്ഥ, ഗവൺമെന്റ് ഭരണാധികാരികൾ, സ്വാതന്ത്ര്യസമര സേനാനികൾ, സാമൂഹ്യപരിഷ്കർത്താക്കൾ, അണക്കെട്ടുകൾ, തൊഴിലുകൾ, കൃഷി, മണ്ണ്, കാലാവസ്ഥ, ഭൂപ്രകൃതി, മതങ്ങൾ, മൗലികാവകാശങ്ങൾ തുടങ്ങിയ സാമൂഹ്യപ്രശസ്തിയുള്ള വിഷയങ്ങൾ തെരഞ്ഞെടുത്ത് സെമിനാർ സംഘടിപ്പിക്കൽ.
6. വിവിധതരം ക്ലബ്ബുകളുടെ പ്രവർത്തനാസൂത്രണം, ഡിജിറ്റൽ ആൽബം
   സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട വ്യക്തിഗതമായി ആൽബം തയ്യാറാക്കി സോഷ്യൽ സയൻസ് ക്ലബ്ബിൽ അവതരിപ്പിക്കൽ.

| നം. | പ്രവർത്തനങ്ങൾ | കാലദൈർഘ്യം | ക്ലാസ് | ലക്ഷ്യം |
|---|---|---|---|---|
| 1. | സോഷ്യൽ സയൻസ് ഫെസ്റ്റ് (SSF) 5, 6, 7 ക്ലാസുകളിൽ പാഠഭാഗവുമായി ബന്ധപ്പെട്ട് ക്ലാസിൽ നടക്കുന്ന വേറിട്ട പ്രവർത്തനങ്ങളുടെ ഉൽപ്പന്നങ്ങൾ പ്രദർശിപ്പിക്കൽ<br>• ക്വിസ്<br>• പ്രദർശനങ്ങൾ (ശേഖരണം, മോഡൽസ്)<br>• പ്രസംഗം<br>• നാടകങ്ങൾ/സ്കിറ്റ് | 3rd term<br>ജനുവരി | 5,6,7 | 1,4,6 |

| | | | | |
|---|---|---|---|---|
| 2. | ഡിജിറ്റൽ ആൽബം<br><br>5 പ്രപഞ്ചം എന്ന മഹാത്ഭുതം<br><br>6 വൈവിധ്യങ്ങളുടെ ലോകം<br><br>7 യൂറോപ്പ് പരിവർത്തന പാതയിൽ<br><br>വ്യക്തിഗതമായി ആൽബം തയ്യാറാക്കി (5, 6, 7 ക്ലാസ്)<br>SS Club ൽ അവതരണം<br>(അച്ചടിക്കുറിപ്പ് ഉൾപ്പെടെ) | ഹ്രസ്വകാലം | 5,6,7 | 2,7,8 |
| 3. | പ്രാദേശിക വിഭവ ഭൂപട നിർമ്മാണം<br><br>സാമൂഹ്യശാസ്ത്ര പഠനപരിപോഷണത്തിന് അനിവാര്യമായ<br>• വ്യക്തികൾ<br>• സ്ഥാപനങ്ങൾ<br>• സ്ഥലങ്ങൾ<br>എന്നിവ കണ്ടെത്തി പ്രാദേശിക വിഭവ ഭൂപടം നിർമ്മിക്കൽ | ഹ്രസ്വകാലം | 5,6,7 | 3, 4, 8, 15 |
| 4. | സെമിനാർ<br>സാമൂഹ്യശാസ്ത്ര പഠനവും മാറ്റങ്ങളും (സാമൂഹ്യശാസ്ത്രത്തിലെ ഉള്ളടക്കവും യഥാർത്ഥ സാമൂഹ്യവ്യവസ്ഥയും)<br><br>• 5, 6, 7 ക്ലാസ്റൂമിലെ സാമൂഹ്യ പ്രസക്തിയുള്ള വിഷയങ്ങൾ<br>• വിഷയങ്ങൾ മുൻകൂട്ടി നൽകൽ<br>• വിവരങ്ങൾ ശേഖരിക്കൽ<br>• അവതരണം - ചർച്ച<br>• പ്രതികരണ പ്രവർത്തനങ്ങളിൽ ഏർപ്പെടൽ | | | |

# ഗണിതശാസ്ത്രം

**ലക്ഷ്യം**

1. 1 മുതൽ 7 വരെ ക്ലാസുകളിലെ കുട്ടികൾക്ക് ഗണിതാശയങ്ങളുമായി ബന്ധപ്പെട്ട പഠനനേട്ടങ്ങൾ ഉറപ്പുവരുത്തുന്ന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക.
2. ഗണിതക്രിയകൾ കൈകാര്യം ചെയ്യാനുള്ള ശേഷി ഉറപ്പിക്കാനുതകുന്ന പഠനാനുഭവങ്ങൾ സൃഷ്ടിക്കുക.
3. നിത്യജീവിതത്തിൽ കൈകാര്യം ചെയ്യേണ്ട ഗണിതപ്രശ്നങ്ങൾ നിർദ്ധാരണം ചെയ്യാൻ ഓരോ കുട്ടിയേയും പ്രാപ്തരാക്കുക. (അളവുകൾ, സമയം, ദൂരം, കലണ്ടർ, പലിശ, ലാഭം, നഷ്ടം, ശതമാനം, ശരാശരി, ഡിസ്കൗണ്ട് തുടങ്ങിയവ)
4. പ്രകൃതിയിൽ കാണുന്ന ജ്യാമിതീയ രൂപങ്ങൾ തിരിച്ചറിയാനും കൃത്യതയാർന്ന നിർമ്മിതികളിൽ ഏർപ്പെടാനുള്ള കഴിവ് നേടുന്നു.

| SL. No. | Programme | Acivity | Duration | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 1 | സംഖ്യാബോധം ഉറപ്പാക്കുക | ഗണിതകിറ്റ് ശേഖരണം, അബാക്കസ്, സ്ഥാനവില പോക്കറ്റ്, സംഖ്യാറിബൺ, സംഖ്യാമാല, ജിയോ ബോർഡ്, പാമ്പും കോണിയും, സംഖ്യാകാർഡുകൾ എന്നിവ ഉപയോഗിച്ചുള്ള പ്രവർത്തനങ്ങൾ, CD ഉപയോഗിച്ച് സംഖ്യാകേളികൾ ഒറ്റയോ ഇരട്ടയോ കൂടി | 3months | ഗണിതകിറ്റ് സംഖ്യാ കാർഡുകൾ I.C.T | PTA |
| 2. | ഗണിതക്രിയകൾ കൈകാര്യം ചെയ്യാനുള്ള ശേഷി ഉറപ്പിക്കുക. | അബാക്കസ് നിർമ്മാണം ഉപയോഗിക്കൽ, സങ്കലനപട്ടിക, ഗുണനപട്ടിക, എന്നിവയുടെ രൂപീകരണവും പ്രയോഗവും | 1 year | അബാക്കസ്, സ്ഥാനവില, പോക്കറ്റ് Reference പുസ്തകങ്ങൾ | PTA |
| 3. | നിത്യജീവിതത്തിൽ കൈകാര്യം ചെയ്യേണ്ട ഗണിത പ്രശ്നങ്ങൾ നിർദ്ധാരണം ചെയ്യാൻ ഓരോ കുട്ടിയേയും | മനകണക്കുകളിലൂടെയുള്ള പ്രശ്നനിർദ്ധാരണം പസിലുകൾ, ഗെയിമുകൾ, ഇവയുടെ ശേഖരണവും പ്രയോഗവും, അളവു പാത്രങ്ങൾ ഉണ്ടാക്കൽ, ത്രാസ് നിർമ്മാ | 1 year | അളവുപാത്രങ്ങൾ, ത്രാസ്, മീറ്റർ, സ്കെയിൽ, ക്ലോക്ക് | PTA |

| | | | | | |
|---|---|---|---|---|---|
| | പ്രാപ്തരാക്കുക (നീളം, വീതി, സമയം, ഉയരം, ശരാശരി, വേഗം) | ണം, തൂക്കം കണ്ടെത്തൽ, മീറ്റർ സ്കെയിൽ നിർമ്മാണം, വിവിധ അളവിലുള്ള റിബണുകൾ മുറിച്ചെടുക്കൽ, ക്ലോക്ക് നോക്കി സമയം തിരിച്ചറിയൽ | | | |
| 4. | ഭിന്നസംഖ്യ എന്ന ആശയം ഉറപ്പിക്കൽ അവയുടെ സങ്കലനം, വ്യവകലനം, ഗുണനം, ഹരണം, | വൃത്തം, ചതുരം ഇവയെ നിശ്ചിത ഭാഗങ്ങളാക്കൽ - ഭിന്നസംഖ്യ രൂപീകരിക്കൽ Fraction Kit ഉപയോഗിച്ച് ഭിന്നസംഖ്യയുമായി ബന്ധപ്പെട്ട ക്രിയകൾ ഉറപ്പിക്കൽ | 1 month | വൃത്തം, ചതുരം, Fraction Kit | |
| 5. | ദശാംശസംഖ്യ എന്ന ആശയം ഉറപ്പിക്കൽ അവ ഉപയോഗിച്ചുള്ള പ്രവർത്തനങ്ങൾ | സംഖ്യാരേഖയിൽ ദശാംശ സംഖ്യ രൂപീകരിക്കുക. | 1 month | സംഖ്യാരേഖ | |
| 6. | ചുറ്റളവ്, ഉള്ളളവ് ഇവ കണക്കാക്കാൻ പ്രാപ്തരാക്കൽ | ചതുരം, സമചതുരം, എന്നിവയെ യൂണിറ്റ് സമചതുരങ്ങളാക്കി തിരിക്കാനും പരപ്പളവ് കണ്ടെത്താനും പരിശീലിപ്പിക്കുന്നു. യൂണിറ്റ് ക്യൂബുകളുണ്ടാക്കി ചതുരപെട്ടിയിൽ നിറച്ച് ഉള്ളളവ് കണ്ടെത്താനുള്ള പ്രവർത്തനം. | 1 month | ചതുരം, സമചതുരം, ചതുരപ്പെട്ടികൾ | PTA |
| 7. | ലാഭം, നഷ്ടം, ഡിസ്കൗണ്ട്, പലിശ എന്നിവ കണക്കാക്കൽ | കച്ചവടം ക്ലാസിൽ പരിശീലിപ്പിക്കുന്നു. അടുക്കുള്ള ബാങ്ക് സന്ദർശിച്ച് അഭിമുഖം നടത്തി പലിശ കണക്കാക്കാൻ പരിശീലിപ്പിക്കുന്നു. | 1 month | ബില്ലുകൾ പരസ്യങ്ങൾ | Bank |
| 8. | രണ്ട് സമചതുരങ്ങൾ കൂട്ടിച്ചേർത്ത് വലുത് ഉണ്ടാക്കൽ (പൈഥഗോറസ് സിദ്ധാന്തം) | 2 സമചതുരങ്ങൾ വെട്ടി മുറിച്ച് കൂട്ടിച്ചേർക്കാൻ പരിശീലിപ്പിക്കുന്നു. | 1 week | ചാർട്ട് പേപ്പർ കളർ പേപ്പർ | |
| 9. | കോണുകളുടെ ആശയാ നിർമ്മിതി ഉറപ്പിക്കൽ രേഖീയ ജോടി വരക്കൽ | പ്രകൃതിയിലെ കോണുകൾ കണ്ടെത്തൽ, തരം തിരിക്കൽ, കോൺമാപിനി | 1 month | | |

# കലാകായിക പ്രവൃത്തിപരിചയ വിദ്യാഭ്യാസം

## കലാവിദ്യാഭ്യാസം

### ലക്ഷ്യം: -

പഠിതാവിന്റെ നൈസർഗീകമായ കലാവാസനകൾ തിരിച്ചറിഞ്ഞ് പരിപോഷിപ്പിക്കുന്നതിന്

കലയെ ഉപയോഗപ്പെടുത്തി മറ്റു വിഷയങ്ങളുടെ പഠനം ഫലപ്രദമാക്കുന്നതിന്. സാംസ്ക്കാരിക വൈവിധ്യം തിരിച്ചറിഞ്ഞ് സാംസ്ക്കാരികാവബോധം വളർത്തുന്നതിന് കുട്ടികളുടെ ആസ്വാദനനിലവാരം ഉയർത്തുന്നതിന്. വിഭിന്നശേഷിയുള്ള വിദ്യാർത്ഥികളെ പഠനപ്രവർത്തനങ്ങളിൽ തൽപരരാക്കുന്നതിന്.

### പ്രവർത്തനങ്ങൾ

എല്ലാ ആഴ്ചയിലും ബുധനാഴ്ച ദിവസങ്ങളിൽ 1 പിരിഡ് എൽ.പിക്ക് ബാലസഭ യും, യു.പിക്ക് സർഗവേളയും നടത്തുക.

### ക്ലബ്ബ് പ്രവർത്തനങ്ങൾ

ദിനാചരണങ്ങളോടനുബന്ധിച്ച്, പതിപ്പ്, സ്കിറ്റ് പോസ്റ്ററുകൾ, അസംബ്ലിയിൽ Self Introduction, വിവിധ ആശംസാകാർഡ് നിർമ്മാണം, വായനകൾ, ജീവിത വിജയം, ചിന്താ വിഷയം)

- സാഹിത്യവേദി
- കലോൽസവങ്ങൾ
- ഡാൻസ് പരിശീലനം
- സ്കൂൾ വാർഷികം
- കഥാരചന, കവിതാരചന, ചിത്ര രചന, പെയിന്റിംഗ്, (ക്ലാസ് തലം, സ്കൂൾ തലം, ഉപ ജില്ലാ തലം) സംഗീത പരിശീലനം(നാടൻ പാട്ടുകൾ, ദേശഭക്തിഗാനം, ലളിതഗാനം, പദ്യോച്ചാരണം)
- വിവിധ സംഗീതഉപകരണങ്ങൾ കൈകാര്യം ചെയ്യാൻ പരിശീലനം സംഘടിപ്പിക്കുക.
- നാടക പരിശീലനം (മുഖം മൂടി - വിവിധ ജീവികളുടെ, പാവ നാടകം, റേഡിയോ നാടകം, ദൃശ്യാവിഷ്കാരങ്ങൾ)

# പ്രവൃത്തി പഠനവിദ്യാഭ്യാസം

**ലക്ഷ്യം:**

എല്ലാ കുട്ടികളുടേയും ശേഷികളും, കഴിവുകളും വളർത്തിയെടുക്കുകയും അവരെ തൊഴിലിനോട് ആഭിമുഖ്യമുള്ള ഒരു തലമുറയാക്കി വാർത്തെടുക്കുകയും ചെയ്യുന്നു. ഉൽപാദനരംഗത്തെ സ്വാശ്രയത്വം, സന്തുലിതവ്യക്തിത്വ വികസനം, മൂല്യങ്ങളും മനോഭാവങ്ങളും വളർത്തൽ.

**പ്രവർത്തനങ്ങൾ**

- ചുറ്റുപാടുകളിൽ നിന്നും ലഭിക്കുന്ന ഭക്ഷ്യവിഭവങ്ങൾ ഉപയോഗിച്ച് കുറഞ്ഞ ചെലവിൽ ഭക്ഷണപദാർത്ഥങ്ങൾ തയ്യാറാക്കുന്നു. (Food Fest) 1 മുതൽ 7 വരെ ക്ലാസുകൾക്ക്.
- സ്വന്തമായി പച്ചക്കറിത്തോട്ടം നിർമ്മിക്കുകയും പരിപാലിക്കുകയും ചെയ്യുന്നു.
- Bidding, graphing, Layering എന്നിവ ചെയ്യാനറിവ് നേടുന്നു.
- ജൈവവളം, ജൈവകീടനാശിനി എന്നിവയുടെ നിർമ്മാണം
- സോപ്പ് നിർമ്മാണം.
- ആരോഗ്യപരിപാലനം, ശുചീകരണ പ്രവർത്തനങ്ങൾ
- ക്ലാസ് തലം
- സ്കൂൾ തലം
- വസ്ത്രങ്ങളിൽ ഫേബ്രിക് പെയിന്റ് ചെയ്യൽ (Vegetable printing, അലങ്കാരത്തുന്നൽ)
- വീട്ടുപകരണങ്ങൾ നിർമ്മാണം (വിവിധ തരം വസ്തുക്കളായ Plaster of Paris, കടലാസ്, മേഷ്, കാർഡ്ബോർഡ്,
- പ്രകൃത്തിദത്ത വസ്തുക്കളും, വിവിധതരം പേപ്പറുകളും ഉപയോഗിച്ച് അലങ്കാരവസ്തുക്കളും, കൗതുകവസ്തുക്കളും നിർമ്മിക്കുന്നതിന് (പൂക്കൾ, തോരണങ്ങൾ, ആശംസാകാർഡുകൾ)
- സ്കൂളിനാവശ്യമായ സ്റ്റേഷനറി നിർമ്മിക്കാൻ പരിശീലനം നേടുന്നു. (കവർ. ക്യാരി ബാഗ്, ചോക്ക്, ഡസ്റ്റർ, പൊടിതട്ടി, പെൻസിൽ, ബോക്സ് etc.)

# ഉപസംഹാരം

ഓരോ വിദ്യാലയത്തേയും മികവിന്റെ കേന്ദ്രങ്ങളാക്കുക, വിദ്യാലയങ്ങളിലെ അക്കാദമിക പ്രവർത്തനങ്ങൾ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുക എന്ന ലക്ഷ്യം മുൻനിർത്തിയാണ് ഈ അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിരിക്കുന്നത്. ഭൗതിക സാഹചര്യങ്ങളുടെ അപര്യാപ്തതയും ഹൈടെക് ക്ലാസ് മുറികളുടെ കുറവും പോരായ്മ തന്നെയാണെങ്കിലും, നിലവിലെ സൗകര്യങ്ങൾ വച്ച് ഏറ്റവും മികച്ച വിദ്യാഭ്യാസം കുട്ടികൾക്ക് നൽകുക എന്ന ലക്ഷ്യത്തോടെയാണ് ഞങ്ങൾ ഇത് തയ്യാറാക്കിയിരിക്കുന്നത്. മെയ് മാസം മുതൽ SRG യിൽ ഇതിനുള്ള തയ്യാറെടുപ്പുകൾ ആരംഭിച്ചു. ഓരോ SRG യിലും ഓരോ വിഷയങ്ങൾ എടുക്കുകയും അതിനു വേണ്ട പ്രവർത്തനങ്ങൾ ആ അധ്യാപികയുടെ നേതൃത്വത്തിൽ തയ്യാറാക്കുകയും ചെയ്തു. ജൂൺ 1 ന് മുമ്പായി മാസ്റ്റർപ്ലാനിന്റെ കരട്രൂപം തയ്യാറാവുകയും കൂടുതൽ മെച്ചപ്പെടുത്താൻ വേണ്ട ചർച്ചകൾ നടക്കുകയും ചെയ്തു. കുട്ടികളുടെ പരിമിതികളും പോരായ്മകളും കണ്ടെത്തി, അവരെ മികച്ച നിലവാരത്തിലേക്ക് ഉയർത്താൻ, ഞങ്ങൾ ആസൂത്രണം ചെയ്ത പ്രവർത്തനങ്ങൾക്ക് കഴിയും എന്ന് ഉത്തമബോധ്യം അധ്യാപകരായി ഞങ്ങൾക്കുണ്ട്. ഞങ്ങളുടെ വിദ്യാലയത്തിൽ പ്രതീക്ഷാനിർഭരമായ പ്രവർത്തനങ്ങൾ നടക്കുന്നുണ്ട് എന്ന് രക്ഷിതാക്കളെയും സമൂഹത്തേയും ബോധ്യപ്പെടുത്തേണ്ട കടമ ഞങ്ങൾക്കുണ്ട്. ഓരോ വിദ്യാർഥിയുടേയും എല്ലാ കഴിവുകളുടേയും വികസനത്തിനുതകുന്ന വിധമാണ് പദ്ധതി രൂപകൽപ്പന ചെയ്തിരിക്കുന്നത്. കലാകായിക പ്രവൃത്തി പരിചയ പരിശീലനത്തിനും മാസ്റ്റർപ്ലാനിൽ പ്രവർത്തനങ്ങൾ തയ്യാറാക്കാൻ ശ്രദ്ധിച്ചിട്ടുണ്ട്. ഞങ്ങളുടെ വിദ്യാലയത്തേയും സാമൂഹിക പങ്കാളിത്തത്തോടെ മികച്ച നിലവാരത്തിലേക്ക് ഉയർത്തുവാൻ ഈ പ്രവർത്തനങ്ങൾക്ക് കഴിയുമെന്ന വിശ്വാസത്തോടെ ഈ അക്കാദമിക മാസ്റ്റർ പ്ലാൻ ഞങ്ങൾ പൊതുജന സമക്ഷം സമർപ്പിക്കുന്നു.